**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2120** **09-02-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആർദ്രം പദ്ധതി പ്രകാരം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുതോട് പ്രാഥമികാരോഗ്യകേന്ദ്രം എന്ന സ്ഥാപനത്തിനെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോരുത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഡോക്ടർ-1, സ്റ്റാഫ് നേഴ്സ് 1, ലാബ് ടെക്നീഷ്യൻ 1 എന്നിങ്ങനെ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനു വേണ്ടി ടി സ്ഥാപനത്തിനു എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുകയാണ്.**<br><br>**ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പറത്താനം പ്രാഥമികാരോഗ്യകേന്ദ്രം, G.V.R.പൂഞ്ഞാർ, തിടനാട് പ്രാഥമികാരോഗ്യകേന്ദ്രം, തിക്കോയി പ്രാഥമികാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തുന്നതിനും തെരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടത്തിൽ ഉയർത്തപ്പെട്ട സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി എൻ.എച്ച്.എം മുഖേന 15.5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നു വരുന്നു. കൂടാതെ എരുമേലി സാമൂഹികാരോഗ്യകേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യം** |

| | | | |
|---|---|---|---|
| | | | **വികസിപ്പിക്കുന്നതിനായി 37.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.**<br><br>ആരോഗ്യസ്ഥാപനം<br><br>പ്രവൃത്തി<br><br>നിലവിലെസ്ഥിതി<br><br>ജി.വി.ആർ പൂഞ്ഞാർ<br><br>പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങ ളാക്കി ഉയർത്തൽ<br><br>കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തി<br><br>എഫ്.എച്ച്.സി പൂഞ്ഞാർ<br><br>എഫ്.എച്ച്.സി ഈരാറ്റുപേട്ട<br><br>എഫ്.എച്ച്.സി മുണ്ടക്കയം<br><br>എഫ്.എച്ച്.സി കൂട്ടിക്കൽ<br><br>എഫ്.എച്ച്.സി പാറത്തോട്<br><br>എഫ്.എച്ച്.സി തീക്കോയി<br><br>നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിയ്ക്കുന്നു<br><br>എഫ്.എച്ച്.സി കോരുത്തോട്<br><br>എഫ്.എച്ച്.സി തിടനാട്<br><br>നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു<br><br>എഫ്.എച്ച്.സി പറത്താനം<br><br>സി.എച്ച്.സി എരുമേലി<br><br>സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്ര മാക്കി ഉയർത്തൽ<br><br>നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിയ്ക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചുവെന്ന് അറിയിക്കാമോ? | (ബി) | ഡോക്ടർ-2, സ്റ്റാഫ് നഴ്സ് -2, ഫാർമസിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-1 |

സെക്ഷൻ ഓഫീസർ